കല്ലട പദ്ധതിയിൽ നിന്നും വെള്ളം തുറന്നുവിട്ട് പാഴാക്കിയവർക്കെതിരെ നടപടി

37 (4645) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട പദ്ധതിയുടെ ഒറ്റക്കൽ വിയറിലെ വെള്ളം കഴിഞ്ഞ ഓണക്കാലത്ത് തുറന്നുവിടുകയുണ്ടായോ ; എന്താവശ്യത്തിനു വേണ്ടിയാണ് വെള്ളം തുറന്നു വിട്ടത് ;

(ബി) ഈ വെള്ളം തുറന്നുവിട്ടത് രാത്രിയിലായിരുന്നോ ; പകലായിരുന്നോ ;

(സി) പ്രസ്തുത വെള്ളം തുറന്നു വിട്ടതുകൊണ്ട് ആർക്കെല്ലാം പ്രയോജനം കിട്ടി ;

(ഡി) എത്രമാത്രം വെള്ളം തുറന്നുവിട്ടിട്ടുണ്ട് ;

(ഇ) മഴ ലഭിക്കാതെ ജലക്ഷാമം ഉള്ള സമയത്ത് വിയറിൽ നിന്ന് വെള്ളം തുറന്ന് വിട്ട് പാഴാക്കിയതിന് ഉത്തരവാദികൾ ആരാണ് ;

(എഫ്) അവരുടെ മേൽ നടപടിയെടുക്കുമോ ;

(ജി) ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) കല്ലട ആറിന്റെ സ്വാഭാവിക ഒഴുക്കിനെ നിലനിറുത്തുന്നതിന്റെ ഭാഗമായി വെള്ളം കഴിഞ്ഞ ഓണക്കാലത്ത് തുറന്നുവിടുകയുണ്ടായി.

(ബി) വൈകിട്ട് 6 മണിക്ക്

(സി) കല്ലടയാറിന്റെ തീരത്തുള്ളവർക്കെല്ലാം പ്രയോജനപ്പെട്ടു.

(ഡി) വൈദ്യുതി ഉൽപ്പാദനത്തിനുശേഷം ഒഴുകിവന്ന ജലം നദിയുടെ സ്വാഭാവിക നിലനിൽപ്പിനായി തുറന്നുവിട്ടിട്ടുണ്ട്.

(ഇ) നദിയുടെ സ്വാഭാവിക നിലനിൽപ്പിനായി ജലം തുറന്നുവിട്ട അവസരത്തിൽ ജലക്ഷാമം ഇല്ലായിരുന്നു.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly